**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : DR.BINU FRANCIS IAS**

വിഷയം :-

ത.സ്വ.ഭ.വ - ശുചിത്വമിഷൻ - കൊച്ചി-ബ്രഹ്മപുരം സാനിറ്ററി മാലിന്യ നിർമ്മാർജ്ജന പ്ലാന്റിലേയ്ക്ക് സാനിറ്ററി മാലിന്യം ശേഖരിക്കുന്നതിന് സക്സ്സസ് പ്രോജക്ട്സ് എന്ന ഏജൻസിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. 31.12.2014-ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 13.08.2018-ൽ ചേർന്ന 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനം.
3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.02.2025 തീയതിയിലെ SM/1743/2024-C4-Part(1) നമ്പർ നടപടിക്രമം.
4. സക്സ്സസ് പ്രോജക്ട്സ് എന്ന സ്ഥാപനത്തിന്റെ അപേക്ഷ.
5. റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് മാനേജിംഗ് ഡയറക്ടറും സക്സ്സസ് പ്രോജക്ട്സ് മാനേജിംഗ് പാർട്ണറും തമ്മിൽ ഒപ്പ് വച്ച കരാർ ഉടമ്പടി.
6. 13.02.2026 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം

നമ്പർ: SM/105/2026-C4 തീയതി: 04-03-2026

**ഉത്തരവ്**

ഖരമാലിന്യ (ജൈവം) സംസ്കരണം മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ പരാമർശം (2) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (3) പ്രകാരം സാങ്കേതിക സമിതി പുനഃസംഘടിപ്പിച്ചിരുന്നു.

കൊച്ചി-ബ്രഹ്മപുരം സാനിറ്ററി മാലിന്യ നിർമാർജന പ്ലാന്റിലേയ്ക്ക് സാനിറ്ററി മാലിന്യം ശേഖരിക്കുന്നതിനായി ശുചിത്വ മിഷൻ അംഗീകാരം നൽകണം എന്നു ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (4) പ്രകാരം സക്സ്സസ് പ്രോജക്ട്സ് എന്ന സ്ഥാപനം അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പ്രസ്തുത അപേക്ഷ പരിശോധിക്കുകയും, ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി-ബ്രഹ്മപുരം സാനിറ്ററി മാലിന്യ നിർമ്മാർജ്ജന പ്ലാന്റിലേയ്ക്ക് മാത്രമായി സാനിറ്ററി മാലിന്യ ശേഖരിക്കുന്നതിന് സക്സ്സസ് പ്രോജക്ട്സ് എന്ന ഏജൻസിക്ക് അംഗീകാരം നൽകാവുന്നതാണെന്നു സാങ്കേതിക സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, സൂചിത ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം ( 6 ) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരം കൊച്ചി-ബ്രഹ്മപുരം സാനിറ്ററി മാലിന്യ നിർമാർജന പ്ലാന്റിലേയ്ക്ക് മാത്രമായി സാനിറ്ററി മാലിന്യ ശേഖരിക്കുന്നതിന് സക്സ്സസ് പ്രോജക്ട്സ് എന്ന ഏജൻസിക്ക് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസികളുടെ സേവന കാലാവധി **പരാമർശം (5) കരാർ ഉടമ്പടിയിലെ 4-ാമത്തെ വ്യവസ്ഥയിൽ പരാമർശിക്കുന്ന കാലാവധി അല്ലെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായുള്ള മാലിന്യ ശേഖരണ കരാർ കാലാവധി ഏതാണോ കുറവ് ആയതു വരെയായിരിക്കും.**

| Name of Agency | Remarks |
|---|---|
| **Success Projects,**<br>AGN Building , Paruthikkad,<br>Vallikkunnu PO , Malappuram - 673314,<br>E-mail : successprojects09@gmail.com<br>Phn : 9847272258 | Sanitary waste collection for Kochi-brahmapuram sanitary waste disposal plant (only). |

<u>**നിബന്ധനകൾ**</u>

1. ഈ അംഗീകാരത്തിന്റെ കാലാവധി **പരാമർശം (5) കരാർ ഉടമ്പടിയിലെ 4-ാമത്തെ വ്യവസ്ഥയിൽ പരാമർശിക്കുന്ന കാലാവധി അല്ലെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായുള്ള മാലിന്യ ശേഖരണ കരാർ കാലാവധി ഏതാണോ കുറവ് ആയതു വരെയായിരിക്കും.**
2. ബ്രഹ്മപുരം സാനിറ്ററി വേസ്റ്റ് ഡിസ്പോസൽ പ്ലാന്റിലേക്ക് നിർദ്ദിഷ്ട കാലയളവിലേക്ക് മാലിന്യം ശേഖരിക്കുന്നതിനാണ് നിലവിൽ അംഗീകാരം നൽകുന്നത്. മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും അനുമതി കൂടാതെ, ടി തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ നിന്നും മാലിന്യം ശേഖരിക്കുവാൻ പാടുള്ളതല്ല.
3. എല്ലാ വർഷവും ഏപ്രിൽ 30-നു മുമ്പായി, ടി ഏജൻസി ഒരു വർഷത്തിനകം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, ശേഖരിച്ച മാലിന്യത്തിന്റെ കണക്ക്, വാർഷിക ഓഡിറ്റ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്.
4. മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരവും, സംസ്ഥാന സർക്കാർ/ശുചിത്വ മിഷൻ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരമായിരിക്കണം ശേഖരണ ഏജൻസി പ്രവർത്തിക്കേണ്ടത്.
5. ജി.പി.എസ്. ഘടിപ്പിച്ചിട്ടുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ വാഹനം ഉപായോഗിച്ച് മാത്രമേ മാലിന്യ ശേഖരണം നടത്തുവാൻ പാടുള്ളൂ.
6. ഏജൻസികൾ മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. മേൽ പറഞ്ഞ

നിബന്ധകൾക്ക് ഉപരിയായി ഏജൻസിയുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, ഏജൻസിയുടെ അംഗീകാരം പുനഃപരിശോധിക്കുന്നതിനും, ആവശ്യമെങ്കിൽ റദ്ദ് ചെയ്യുന്നതിനും ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

7. പദ്ധതി നിർവ്വഹണ ഏജൻസി/ സേവനദാതാക്കൾ അവർ ഏറ്റെടുക്കുന്ന പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ നിർബന്ധമായും രജിസ്റ്റർചെയ്ത് സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ശുചിത്വ മിഷനിൽ ഹാജരാക്കേണ്ടതുമാണ്.
8. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച വേണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികൾ നടപ്പിലാക്കേണ്ടത്.
9. ഏജൻ സിയെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വ മിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.
10. പ്രവൃത്തി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും അംഗീകാരം റദ്ദു ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
11. സേവനദാതാക്കൾ അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ മാത്രം പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്.
12. സർക്കാർ/ശുചിത്വ മിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ താങ്കൾ പങ്കെടുത്ത് വിജയിപ്പിക്കേണ്ടതാണ്.
13. എംപാനൽഡ് ഏജൻസികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിലേക്ക് ഓരോ ഏജൻസിക്കും പ്രത്യേകം വെബ് പേജ് ശുചിത്വ മിഷന്റെ വെബ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതാണ്. ടി വെബ് പേജ് രൂപകല്പന ചെയ്യുന്നതിനും പരിപാലിക്കുന്നതിലേക്കുമുള്ള ഡെവലപ്മെന്റ് ചാർജ്/പ്രോസസ്സിംഗ് ഫീസ്, ഏജൻസി എംപാനൽമെന്റ് ഫീസ്, എംപാനൽമെന്റ് എക്സ്റ്റൻഷൻ ഫീസ് എന്നിവ അതാത് ഏജൻസികൾ വഹിക്കേണ്ടതാണ്.

Digitally signed by
Binu Francis
Date: 04-03-2026
20:59:00

DR.BINU FRANCIS IAS

EXECUTIVE DIRECTOR

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.